പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7222

11.07.2014 ൽ മറുപടിക്ക്

## അരൂർ നിയോജക മണ്ഡലത്തിലെ പാചകവാതക വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) അരൂർ നിയോജക മണ്ഡലത്തിൽ പാചകവാതകവിതരണം നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ്; ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ഏജൻസികൾക്ക് പാചക വാതകം വിതരണം ചെയ്യുന്നത് എന്നറിയിക്കുമോ; | (എ) അരൂർ നിയോജക മണ്ഡലത്തിൽ പാചക വാതകവിതരണം നടത്തുന്ന ഏജൻസികൾ കമ്പനി തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. പ്രീതി ഗ്യാസ് ഏജൻസി, കുത്തിതോട് (ബി.പി.സി)<br>2. ദേവീ ഗ്യാസ് ഏജൻസി, തൈക്കാട്ടുശ്ശേരി (ബി.പി.സി)<br>3. ഭഗവതി ഗ്യാസ് ഏജൻസി, അരൂർ (ഐ.ഒ.സി) |
| (ബി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര ദിവസം ഏതൊക്കെ ഏജൻസികളിൽ കമ്പനികൾ പാചകവാതകം എത്തിക്കാതിരുന്നതുമൂലം യഥാസമയം ഉപഭോക്താക്കൾക്ക് പാചക വാതകം ലഭിക്കാതിരുന്നിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഭഗവതി ഗ്യാസ് ഏജൻസിയിൽ 29 ദിവസങ്ങളിൽ കമ്പനികളിൽ നിന്നും സ്റ്റോക്ക് ലഭിക്കാത്തതുമൂലം പാചകവാതക വിതരണം മുടങ്ങിയിട്ടുണ്ട്. |
| (സി) മറ്റ് ഏതെങ്കിലും കാരണത്താൽ ഉപഭോക്താക്കൾക്ക് പാചകവാതകം ലഭിക്കാതിരുന്നിട്ടുണ്ടോ; അപ്രകാരം ലഭിക്കാതിരുന്നത് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് എന്ന് വ്യക്തമാക്കുമോ; | പ്ലാന്റുകളിലെ തൊഴിൽ സമരം മൂലം ഏകദേശം മൂന്നു ദിവസ ങ്ങളോളം ദേവീ ഗ്യാസ് ഏജൻസിയിലും, പ്രീതി ഗ്യാസ് ഏജൻസിയിലും വിതരണം മുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അരൂർ ഭഗവതി ഗ്യാസ് ഏജൻസിയിൽ യഥാസമയം പാചകവാതകം അലോട്ട് ചെയ്യാത്തതുകൊണ്ട് ഉപഭോക്താക്കളും പ്രസ്തുത ഏജൻസിയുമായി നിരന്തരം തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ആവർത്തിക്കാതിരിക്കാൻ സത്വരനടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ സിലിണ്ടറുകൾ കൃത്യമായി വിതരണം ചെയ്യാൻ വിതരണ ഏജൻസികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും, ഉപഭോക്താക്കൾക്ക് പാചകവാതകം കൃത്യസമയത്ത് എത്തിക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി പാചകവാതകത്തിന്റെ ലഭ്യത കുറവ് 110 മെ.ടണ്ണായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | കമ്പനികൾ യഥാസമയം ആവശ്യാനുസരണം പാചകവാതകം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | യഥാസമയം ആവശ്യാനുസരണം പാചകവാതകം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ എണ്ണക്കമ്പനികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ